# നാളികേര പദ്ധതിക്കു കാറ്റുവീഴ്ച; 474 കോടി രൂപ നഷ്ടമായേക്കും

എ.എസ്. ഉല്ലാസ്



തേങ്ങ ഉൽപാദനം വർധിപ്പിക്കാനും കർഷകരെ സഹായിക്കാനും കേന്ദ്രം 474 കോടി രൂപ അനുവദിച്ച പദ്ധതിക്കു 'കാറ്റുവീഴ്ച'. കൃഷിവകുപ്പിന്റെ അനാസ്ഥ മൂലം പണം നഷ്ടമാകുമെന്നാണ് ആശങ്ക.

കാറ്റുവീഴ്ച വന്ന തെങ്ങുകൾ വെട്ടിക്കളഞ്ഞു പുതിയ തൈ വയ്ക്കാനും ഉൽപാദനം ഇരട്ടിയാക്കാനും കേന്ദ്രം 2009ൽ ആണു പദ്ധതി അനുവദിച്ചത്. തൃശൂർ, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ പ്രാഥമിക ഘട്ടത്തിനാണു 474 കോടി അനുവദിച്ചത്. ഇതുവരെ സംസ്ഥാനം 100 കോടിയോളം ചെലവഴിച്ചു. 2013 മാർച്ച് വരെയാണു കാലാവധി. 100 കോടി ചെലവഴിച്ചെങ്കിലും തെങ്ങു വെട്ടിക്കളഞ്ഞതല്ലാതെ മിക്ക സ്ഥലത്തും പകരം തൈ നടാനായില്ല. പണത്തിന്റെ മുക്കാൽ ഭാഗമെങ്കിലും ചെലവഴിച്ചിരുന്നെങ്കിൽ മറ്റു ജില്ലകളിൽ കൂടി നടപ്പാക്കുന്നതിനു കേന്ദ്രം പണം നൽകുമായിരുന്നു.

ഒന്നാം ഘട്ടം പാളിയതിനാൽ രണ്ടാം ഘട്ടത്തിനു കേന്ദ്രാനുമതി ലഭിക്കില്ല. പ്രശ്നത്തിൽ അടിയന്തരമായി ഇടപെടണമെന്നും കൃഷിവകുപ്പ് ഉന്നതരുടെ യോഗം വിളിക്കണമെന്നും നാളികേര വികസന ബോർഡ് ചെയർമാൻ മുഖ്യമന്ത്രിക്കു റിപ്പോർട്ട് നൽകിയിരിക്കുകയാണ്.

കേന്ദ്രം ആദ്യമായാണ് ഒരു വിളയ്ക്കായി ഒരു സ്കീമിൽ ഒരു സംസ്ഥാനത്തിന് ഇത്രയധികം തുക അനുവദിക്കുന്നത്. നാളികേര വികസന ബോർഡ് ഉണ്ടെങ്കിലും കൃഷിവകുപ്പാണു പദ്ധതി നടപ്പാക്കുന്നത്. മൂന്നു ജില്ലകളിൽ രണ്ടു ഘട്ടമായി 15 ലക്ഷത്തിലധികം തെങ്ങുകൾക്കാണു കാറ്റുവീഴ്ചമൂലം ഉൽപാദനം കുറഞ്ഞതെന്നു കണ്ടെത്തിയിരുന്നു. ഒരു ഹെക്ടറിന് 13,000 രൂപ തെങ്ങു വെട്ടാനും 15,000 രൂപ വളമിടാനുമാണു കർഷകർക്കു നൽകുന്നത്. തെങ്ങിൻ തൈയുടെ രണ്ടുവർഷത്തെ സംരക്ഷണത്തിനും പണം നൽകുമായിരുന്നു.

കേരളത്തിലെ 42 ലക്ഷം കുടുംബങ്ങളിൽ നാളികേര കൃഷിയുണ്ട്. ഇതിൽ 25 ലക്ഷം കുടുംബങ്ങളുടെ മുഖ്യവരുമാനമാണു തെങ്ങ്. ഉൽപാദന ശരാശരിയിൽ ഇന്ത്യയിൽ കേരളം ഒന്നാം സ്ഥാനത്തു നിന്ന് ഒൻപതാം സ്ഥാനത്തേക്കു പിന്തള്ളപ്പെട്ടിരിക്കുകയാണ്.

കോഴിക്കോട്, മലപ്പുറം, തൃശൂർ, പാലക്കാട് ജില്ലകളുടെ വിസ്തീർണം വരുന്ന സ്ഥലത്തു മാത്രം നാളികേര കൃഷി നടത്തുന്ന ശ്രീലങ്ക ഇന്ത്യയിലെ മൊത്തം നാളികേര ഉൽപന്നങ്ങളുടെ 3.6 മടങ്ങാണു കയറ്റുമതി ചെയ്യുന്നത്. മലയാളി റോഡരികിൽ നിന്നു കുടിക്കുന്ന കരിക്കിന്റെ 30 ശതമാനവും വരുന്നതു ശ്രീലങ്കയിൽ നിന്നാണ്.

Malayala Manorama Daily 9-Dec-2011